# നോർക്ക ന്യൂസ്

ന്യൂസ് ലെറ്റർ

Follow us on

Government of Kerala

NORKA ROOTS

A Government of Kerala Undertaking

എന്നും പ്രവാസികൾക്കൊപ്പം

മേയ് 2023 • വാല്യം 01 • ലക്കം 05


# സുഡാനിൽ നിന്നും 152 മലയാളികളെ നോർക്ക റൂട്ട്സ് നാട്ടിലെത്തിച്ചു




സൈനിക - അർദ്ധസൈനിക വിഭാഗങ്ങൾ തമ്മിൽ ഏറ്റുമുട്ടിയതോടെ ജനജീവിതം ദുസ്സഹമായ സുഡാനിൽ നിന്നും 152 മലയാളികളെ നോർക്ക ഇടപെട്ട് കേരളത്തിൽ എത്തിച്ചു. കേന്ദ്ര വിദേശകാര്യമന്ത്രാലയത്തിന്റെ ഓപ്പറേഷൻ കാവേരിയിലൂടെയാണ് ഇന്ത്യാക്കാരെ തിരികെയെത്തിക്കുന്നതിനുള്ള രക്ഷാപ്രവർത്തനങ്ങൾ സുഡാനിൽ നടന്നത്.

സുഡാനിൽ നിന്നും മലയാളികളികളെ സുരക്ഷിതരായി നാട്ടിലെത്തിക്കാൻ നടപടിയെടുക്കുന്നതിന് കാര്യക്ഷമമായ ഇടപെടൽ നടത്തണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് മുഖ്യമന്ത്രി പിണറായി വിജയൻ പ്രധാനമന്ത്രിയ്ക്ക് കത്ത് അയച്ചിരുന്നു.

സുഡാനിൽ നിന്നെത്തുന്നവരെ നാട്ടിൽ വീടുകളിലെത്തിക്കുന്നതിനാവശ്യമായ എല്ലാ സംവിധാനങ്ങളും ഒരുക്കിയിട്ടുണ്ടെന്നും എല്ലാവരേയും നാട്ടിൽ തിരിച്ചെത്തിക്കുംവരെ സംസ്ഥാനസർക്കാർ നടപടികൾ തുടരുമെന്നും നോർക്ക റൂട്ട്സ് റസിഡന്റ് വൈസ് ചെയർമാൻ പി. ശ്രീരാമകൃഷ്ണൻ അറിയിച്ചിരുന്നു. ഇതിനായി ഡൽഹിയിലും, മുംബൈയിലും പ്രത്യേക സൗകര്യവുമൊരുക്കിയിരുന്നു. ഡൽഹി, മുംബൈ വിമാനത്താവളത്തിൽ പ്രത്യേക ഹെൽപ്പ് ഡെസ്ക് പ്രവർത്തിച്ചു. യാത്രക്കാർക്കായി വാഹനങ്ങൾ, താമസം ഭക്ഷണം എന്നിവ ഒരുക്കി. ഇതിനായി ഡൽഹി കേരള ഹൗസിൽ പ്രത്യേക കൺട്രോൾ റൂം തുറന്നു. സുഡാൻ മലയാളികളെ സഹായിക്കുന്നതിനായി നോർക്ക റൂട്ട്സിന്റെ പ്രത്യേക ഹെൽപ്പ് ലൈനും ഒരുക്കിയിരുന്നു.

ജിദ്ദ, സുഡാൻ പോർട്ട് എന്നിവിടങ്ങൾ വഴി ഡെൽഹി, മുംബൈ, ബംഗലുരു വിമാനത്താവളങ്ങിലെത്തിച്ച മലയാളികളെ സ്വീകരിക്കുന്നതിനായി എൻ. ആർ.കെ. ഓഫീസുകളുടെ നേതൃത്വത്തിൽ പ്രത്യേക ഹെൽപ്പ് ഡസ്കുകൾ സജ്ജീകരിച്ചിരുന്നു. ഡെൽഹിയിലേയും മുംബൈയിലെയും കേരളാഹൗസുകളിൽ താമസ സൗകര്യവും ഭക്ഷണവും ഒരുക്കിയിരുന്നു.ഡൽഹി, മുംബൈ, ബംഗലുരു എന്നിവിടങ്ങളിൽനിന്നും നാട്ടിലേക്കുള്ള യാത്രാചെലവുകൾ ഉൾപ്പെടെ എല്ലാ ചെലവുകളും സംസ്ഥാനസർക്കാർ വഹിച്ചു.

കേരളത്തിലെത്തുന്നവരെ സഹായിക്കുന്നതിനായി വിമാനത്താവളങ്ങളിൽ നോർക്ക റൂട്ട്സ് ഹെൽപ്പ് ഡെസ്കുകൾ ഒരുക്കി. കൊച്ചി, തിരുവനന്തപുരം, കോഴിക്കോട് വിമാനത്താവളങ്ങളിലെത്തിയ മലയാളികളെയെല്ലാം നോർക്ക റൂട്ട്സ് പ്രതിനിധികൾ ചേർന്ന് സ്വീകരിച്ച് വീടുകളിലേയ്ക്ക് യാത്രയാക്കി.



# പ്രവാസികൾക്കായി കാട്ടാക്കടയിൽ വായ്പാമേള നടത്തും : പി. ശ്രീരാമകൃഷ്ണൻ

വിഷൻ കാട്ടാക്കടയുടെ ഭാഗമായി കാട്ടാക്കട നിയോജകമണ്ഡലത്തിലെ പ്രവാസികൾക്കായി ലോൺ മേളയും നിക്ഷേപക സംഗമവും സംഘടിപ്പിക്കുമെന്ന് നോർക്ക റൂട്ട്സ് റസിഡന്റ് വൈസ് ചെയർമാൻ പി. ശ്രീരാമകൃഷ്ണൻ അറിയിച്ചു. കാട്ടാക്കടയുടെ സമഗ്ര വികസനം ലക്ഷ്യമിടുന്ന 'വിഷൻ കാട്ടാക്കട' പ്രകാശനം ചെയ്ത് സംസാരിക്കുകയായിരുന്നു അദ്ദേഹം. അടിസ്ഥാനസൗകര്യ വികസനങ്ങൾക്കനുസരിച്ച് ഭാവിവികസന സാധ്യതകൾ പ്രയോജനപ്പെടുത്തുന്നതിന് നിയോജകമണ്ഡലാടിസ്ഥാനത്തിലുള്ള ആലോചനകൾ മാതൃകാപരമാണെന്ന് പി. ശ്രീരാമകൃഷ്ണൻ അഭിപ്രായപ്പെട്ടു.

വിഴിഞ്ഞം തുറമുഖം ചരക്കുനീക്കത്തിൽ മാത്രമല്ല ക്രൂയിസ്സ് കപ്പലുകൾ വഴി ടൂറിസത്തിനും വലിയ സാധ്യതയാണ് സംസ്ഥാനത്തിനും പ്രത്യേകിച്ച് കാട്ടാക്കടയ്ക്കും ഉള്ളതെന്ന് ചടങ്ങിൽ മുഖ്യാതിഥിയായിരുന്ന നോർക്ക, വ്യവസായ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി സുമൻ ബില്ല പറഞ്ഞു.

വിഷൻ കാട്ടാക്കടയുടെ ഭാഗമായി നോർക്ക ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫോറിൻ ലാംഗ്വേജ് മുഖേന കാട്ടാക്കടയിലെ യുവതീയുവാക്കൾക്കായി പ്രത്യേക ബാച്ച് ആരംഭിക്കുമെന്നും നോർക്ക റൂട്ട്സ് സി.ഇ.ഒ കെ. ഹരികൃഷ്ണൻ നമ്പൂതിരിയും അറിയിച്ചു.

കാട്ടാക്കട മണ്ഡലത്തിലെ അടിസ്ഥാനസൗകര്യവികസനത്തിനായി നിലവിലും ഭാവിയിലുമുള്ള നിക്ഷേപ സാധ്യതകൾ പരിചയപ്പെടുത്തുക എന്നതാണ് വിഷൻ കാട്ടാക്കടയുടെ ലക്ഷ്യം. വിഴിഞ്ഞം തുറമുഖം യാഥാർത്ഥ്യമാകുന്നതോടെ കാർഷികം, അനുബന്ധ മേഖലകൾ, വിവരസാങ്കേതികവിദ്യ, ടൂറിസം, ലോജിസ്റ്റിക്സ് മേഖലകളിലെ സാധ്യതകൾക്ക് വിഷൻ കാട്ടാക്കട ഊന്നൽ നൽകുന്നു. സർക്കാർ സ്ഥാപനമായ സെന്റർ ഫോർ മാനേജ്മെന്റ് ഡവലപ്മെന്റുമായി സഹകരിച്ചാണ് 64 പേജുകളുള്ള വിഷൻ ഡോക്യുമെന്റ് തയ്യാറാക്കിയിട്ടുള്ളത്.

നോർക്ക സെന്ററിൽ നടന്ന പ്രകാശനചടങ്ങിൽ കാട്ടാക്കട എം.എൽ.എ ഐ.ബി. സതീഷ്, നോർക്ക റൂട്ട്സ് ജനറൽ മാനേജർ അജിത്ത് കോളശ്ശേരി, ട്രിനിറ്റി കോളജ് പ്രിൻസിപ്പാൾ ഡോ. അരുൺ, എൻ.ബി.എഫ്. സി പ്രോജക്ട് മാനേജർ സുരേഷ് എന്നിവരും സംബന്ധിച്ചു.







സുഡാനിൽ നിന്നും കേരളത്തിലെത്തിയ ആദ്യ സംഘം. ഡെൽഹി വഴി തിരുവനന്തപുരം വിമാനത്താവളത്തിലെത്തിയ ഇവരെ നോർക്ക ഉദ്യോഗസ്ഥരായ ജയകുമാർ, മനോജ് എന്നിവർ ചേർന്ന് സ്വീകരിച്ചു.

# നടുക്കുന്ന ഓർമകളോ

## യാത്രാസൗകര്യങ്ങളൊരുക

*സൈനിക - അർദ്ധസൈനിക വിഭാഗങ്ങൾ തമ്മിൽ ഏറ്റുമുട്ടിയതോടെ യുദ്ധസമാനമായി മാറിയ അന്തരീക്ഷത്തിൽ നിന്നും സ്വന്തം നാടിന്റെ തണലിലേയ്ക്ക് അവർ എത്തി. സംഘർഷത്തിന്റെ പേടിപ്പെടുത്തുന്ന ഓർമ്മകൾ..മരണം മുന്നിൽ കണ്ട നാളുകൾ ..ഭക്ഷണവും വെള്ളവും വെളിച്ചവുമില്ലാത്ത രാപകലുകൾ..*

*സ്വന്തം രാജ്യത്തേയ്ക്ക് തിരിച്ചെത്താൻ ആഗ്രഹിച്ചവർക്ക് ഓപ്പറേഷൻ കാവേരി ആശ്രയമായി. അവരെ ജന്മനാടിന്റെ മടിത്തട്ടിലേയ്ക്ക് മടങ്ങിയെത്താൻ സഹായിച്ചത് കേരള സർക്കാരുംനോർക്ക റൂട്ട്സും. സുഡാനിൽ നിന്നും 152 മലയാളികളെയാണ് നോർക്ക ഇടപെട്ട് കേരളത്തിൽ എത്തിച്ചത്.*

*ജിദ്ദ, സുഡാൻ പോർട്ട് എന്നിവിടങ്ങൾ വഴി ഡെൽഹി, മുംബൈ, ബംഗലുരു വിമാ*



സുഡാനിൽ നിന്നും എത്തുന്ന മലയാളികളെ സ്വീകരിക്കാൻ കൊച്ചി വിമാനത്താവളത്തിൽ ഒരുക്കിയ ഹെൽപ്പ് ഡസ്ക്. നോർക്ക എറണാകുളം സെന്റർ മാനേജർ രജീഷിന്റെ നേതൃത്വത്തിലാണ് പ്രവർത്തനങ്ങൾ ഏകോപിപ്പിച്ചത്.




സുഡാനിൽ നിന്നും എത്തുന്ന മലയാളികളെ സ്വീകരിക്കാൻ ഡെൽഹി വിമാനത്താവളത്തിൽ ഒരുക്കിയ ഹെൽപ്പ് ഡസ്ക്. എൻ.ആർ. കെ ഡെവല്മെന്റ് ഓഫീസർ ഷാജിമോന്റെ നേതൃത്വത്തിലാണ് ഡൽഹിയിലെ പ്രവർത്തനങ്ങൾ ഏകോപിപ്പിച്ചത്.








# ാടെ ജന്മനാട്ടിലേയ്ക്ക്...

## ി നോർക്ക റൂട്ട്സ്

നത്താവളങ്ങിനെത്തിച്ച മലയാളികളെ സ്വീകരിക്കുന്നതിനായി എൻ. ആർ.കെ. ഓഫീസുകളുടെ നേതൃത്വത്തിൽ പ്രത്യേക ഹെൽപ് ഡസ്കുകൾ സജ്ജീകരിച്ചിരുന്നു. ഡെൽഹിയിലേയും മുംബൈയിലെയും കേരളാഹൗസിൽ താമസസൗകര്യവും ഭക്ഷണവും ഒരുക്കി.ഡൽഹി, മുംബൈ, ബംഗലൂരു എന്നിവിടങ്ങളിൽനിന്നും നാട്ടിലേ്ക്കുള്ള യാത്രാചെലവുകൾ ഉൾപ്പെടെ സംസ്ഥാനസർക്കാർ വഹിച്ചു.

കേരളത്തിലെത്തുന്നവരെ സഹായിക്കുന്നതിനായി വിമാനത്താവളങ്ങളിൽ നോർക്ക റൂട്ട്സ് ഹെൽപ് ഡെസ്കുകൾ പ്രവർത്തിച്ചു. കൊച്ചി, തിരുവനന്തപുരം, കോഴിക്കോട് വിമാനത്താവളങ്ങളിലെത്തിയ മലയാളികളെയെല്ലാം നോർക്ക റൂട്ട്സ് പ്രതിനിധികൾ ചേർന്ന് സ്വീകരിച്ച് വീടുകളിലേയ്ക്ക് യാത്രയാക്കി.




സുഡാനിൽ നിന്നും എത്തുന്ന മലയാളികളെ സ്വീകരിക്കാൻ മുംബൈ വിമാനത്താവളത്തിൽ ഒരുക്കിയ ഹെൽപ് ഡസ്ക്. എൻ.ആർ.കെ ഡെവല്മെന്റ് ഓഫീസർ ഷമീംഖാന്റെ നേതൃത്വത്തിലാണ് പ്രവർത്തനങ്ങൾ ഏകോപിപ്പിച്ചത്.



സുഡാനിൽ നിന്നും കോഴിക്കോട് വിമാനത്താവളത്തിൽ എത്തിയവരെ നോർക്ക കോഴിക്കോട് സെന്റർ മാനേജർ അബ്ദുൾ നാസറിന്റെ നേതൃത്വത്തിൽ സ്വീകരിച്ചപ്പോൾ...




സുഡാനിൽ നിന്നും ബംഗലൂരു എയർപ്പോർട്ടിലെത്തിയ 52 അംഗ സംഘത്തെ നോർക്ക ഡെവലപ്മെന്റ് ഓഫീസർ റീസയുടെ നേതൃത്വത്തിൽ സ്വീകരിച്ചപ്പോൾ







# നോർക്ക ട്രിപ്പിൾവിൻ: മൂന്നാംഘട്ട അഭിമുഖം പൂർത്തിയായി







നോർക്ക റൂട്ട്സിന്റെ ജർമ്മനിയിലേയ്ക്കുള്ള നഴ്സിങ് റിക്രൂട്ട്മെന്റ് പദ്ധതിയായ ട്രിപ്പിൾ വിൻ പദ്ധതിയുടെ മൂന്നാംഘട്ട അഭിമുഖങ്ങൾ തിരുവനന്തപുരത്ത് നടന്നു. തിരുവനന്തപുരം മസ്കറ്റ് ഹോട്ടലിൽ നടന്ന അഭിമുഖങ്ങളിൽ 706 പേർ പങ്കെടുത്തു.

ജർമ്മനിയിൽ നിന്നും ഫെഡറൽ എംപ്ലോയ്മെന്റ് ഏജൻസിയിലെ അഞ്ച് പ്ലേസ്മെന്റ് ഓഫീസർമാർ അടങ്ങുന്ന ഉദ്യോഗസ്ഥ സംഘം തിരുവനന്തപുരത്ത് ക്യാമ്പ് ചെയ്താണ് ഇൻറർവ്യൂ നടപടികൾക്ക് നേതൃത്വം നൽകിയത്. നടപടികൾ നേരിട്ട് വീക്ഷിക്കുവാനും പ്രോഗ്രാം കൂടുതൽ മെച്ചപ്പെടുത്തുന്നതിനായുള്ള നിർദ്ദേശങ്ങൾ ആരായുന്നതിനുമായി ഡൽഹിയിലെ ജർമ്മൻ എംബസിയിൽ നിന്നുള്ള പ്രതിനിധികളും തിരുവനന്തപുരത്ത് എത്തിയിരുന്നു.

ട്രിപ്പിൾ വിൻ പദ്ധതിയുടെ ആദ്യഘട്ടത്തിൽ തിരഞ്ഞെടുക്കപ്പെട്ടവർ ഭാഷാപരിശീലനം ഉൾപ്പെടെ പൂർത്തിയാക്കി ജർമ്മനിയിലേക്ക് യാത്ര തിരിച്ചിട്ടുണ്ട്. രണ്ടാംഘട്ടത്തിലെ പരിശീലനം ജർമ്മൻ ഭാഷാപഠന കേന്ദ്രമായ ഗോയ്ഥേ ഇൻസ്റ്റിറ്റ്യൂട്ടിലെ തിരുവനന്തപുരം, കൊച്ചി സെന്ററുകളിലായി പുരോഗമിക്കുന്നു. ആകെ 300 പേർ നിലവിൽ പരിശീലനത്തിലാണ്. 112 പേർ ഇതിനകം യോഗ്യത നേടിയിട്ടുണ്ട്.

പദ്ധതി പ്രകാരം ജർമ്മൻ ഭാഷാ പഠനവും റിക്രൂട്ട്മെന്റും അടക്കമുള്ള മുഴുവൻ ചെലവുകളും നഴ്സുമാർക്ക് സൗജന്യമാണ്. നോർക്ക റൂട്ട്സും ജർമ്മൻ ഫെഡറൽ എംപ്ലോയ്മെന്റ് ഏജൻസിയും ജർമ്മൻ ഏജൻസി ഫോർ ഇന്റർനാഷണൽ കോ-ഓപ്പറേഷനും സംയുക്തമായി നടപ്പാക്കുന്ന ജർമ്മനിയിലേയ്ക്കുള്ള നഴ്സുമാരുടെ റിക്രൂട്ട്മെന്റ് പദ്ധതിയാണ് ട്രിപ്പിൾ വിൻ.




2022 നവംബറിൽ കൊച്ചിയിൽ നടന്ന നോർക്ക - യു.കെ കരിയർ ഫെയറിന് നേതൃത്വം നൽകിയ സംഘാംഗങ്ങൾ ...

# നോർക്ക- യു.കെ. കരിയർ ഫെയർ രണ്ടാം ഘട്ടം മെയ് 4 മുതൽ 6 വരെ കൊച്ചിയിൽ

ആരോഗ്യമേഖലയിലെ പ്രൊഫഷണലുകൾക്കായുള്ള നോർക്ക-യു.കെ കരിയർ ഫെയറിന്റെ രണ്ടാംഘട്ടം മെയ് 4 മുതൽ 6 വരെ എറണാകുളം താജ് ഗെയ്റ്റ് വേ ഹോട്ടലിൽ നടക്കും. കരിയർ ഫെയർ നോർക്ക റസിഡന്റ് വൈസ് ചെയർമാൻ പി. ശ്രീരാമകൃഷ്ണൻ ഉദ്ഘാടനം ചെയ്യും. ചടങ്ങിൽ സി.ഇ.ഒ കെ. ഹരികൃഷ്ണൻ നമ്പൂതിരി അദ്ധ്യക്ഷത വഹിക്കും. ജനറൽ മാനേജർ അജിത്ത് കോളശ്ശേരി. റിക്രൂട്ട്മെന്റ് മാനേജർ ശ്യാം. ടി.കെ, വെയിൽസിൽ നിന്നുൾപ്പടെയുള്ള യു.കെ പ്രതിനിധികൾ തുടങ്ങിയവർ സംബന്ധിക്കും.

യു. കെ. യിലെ ഇംഗ്ലണ്ടിലെയും വെയിൽസിലെയും വിവിധ എൻ എച്ച് എസ് ട്രസ്റ്റ് ആശുപത്രികളിലേക്ക് നഴ്സുമാർ, ജനറൽ മെഡിസിൻ, അനസ്തെറ്റിസ്റ്റ്, സൈക്യാട്രിസ്റ്റ് എന്നീ സ്പെഷ്യാലിറ്റികളിലേയ്ക്കുള്ള ഡോക്ടർമാർ എന്നീ വിഭാഗങ്ങളിലേക്കാണ് അഭിമുഖങ്ങൾ നടക്കുക. റിക്രൂട്ട്മെന്റ് നടപടികൾ പൂർണ്ണമായും യു.കെ യിലെ റിക്രൂട്ട്മെന്റ് പ്രതിനിധികളുടെ മേൽനോട്ടത്തിലാകും നടക്കുക.

സൈക്യാട്രി , അനസ്തേഷ്യ , ജനറൽ മെഡിസിൻ , എന്നീ സ്പെഷ്യാലിറ്റികളിലേയ്ക്കുള്ള ഡോക്ടർമാർ , നഴ്സുമാർ എന്നിവർക്കായുള്ള അഭിമുഖമാണ് ആദ്യ ദിനം .

യു.കെ യിൽ എൻ.എച്ച്.എസ് (നാഷണൽ ഹെൽത്ത് സർവ്വീസസ്) സേവനങ്ങൾ ലഭ്യമാക്കുന്ന ഹംബർ ആൻഡ് നോർത്ത് യോർക്ക്ഷയർ ഹെൽത്ത് ആൻഡ് കെയർ പാർട്ട്ണർഷിപ്പും യു.കെ യിലെ മാനസിക ആരോഗ്യരംഗത്ത് പ്രവർത്തിക്കുന്ന അംഗീകൃത സംഘടനയായ നാവിഗോയും വെയിൽസ് സർക്കാരിന്റെ പ്രതിനിധികളും ഫെയറിൽ പങ്കെടുക്കുന്നുണ്ട്.

നോർക്ക യു.കെ കരിയർ ഫെയറിന്റെ ആദ്യഘട്ടം 2022 നവംബർ 21 മുതൽ 25 വരെ എറണാകുളത്ത് നടന്നിരുന്നു. ഇതിൽ തിരഞ്ഞെടുക്കപ്പെട്ട ഉദ്യോഗാർത്ഥികളുടെ ആദ്യസംഘം യു.കെ യിലെത്തി.



NORKA ROOTS, Norka Centre, Thycaud, Thiruvananthapuram,-695014 Phone 0471-2770500, 2332416, 2332452 fax: 0471-2326263 email: mail@norkaroots.org, www.norkaroots.org
Printed and published by CEO Norka Roots on behalf of Government of Kerala No of copies 200, For free distribution May 2023